# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1787 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കണ്ണങ്ങാട് - വെല്ലിംഗ്ടൺ ഐലന്റ് പാലം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | എറണാകുളം ജില്ലയിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം ഗതാഗതത്തിന് തുറന്നു കൊടുത്തതോടെ താരതമ്യേന വീതി കുറഞ്ഞ ഈ പാലത്തിലേക്കുള്ള പ്രധാന പാതയായ കണ്ണങ്ങാട് ടെമ്പിൾ റോഡിലെ ഗതാഗത കുരുക്കും അപകടസാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനു പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നഗരസഭയുടെ കൈവശമുള്ള ഇന്ദിരാഗാന്ധി റോഡിനെയും കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിനെയും ബന്ധിപ്പിക്കുന്ന പുതിയ റോഡിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും എത്രപേർക്കാണ് നഷ്ടപരിഹാരതുക നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ? | (ബി) | ഏകദേശം 0.2687 ഹെക്ടർ (67 സെന്റ്) സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിലേക്കായി നെഗോസിയേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലവില ഇനത്തിൽ 2.5 കോടിരൂപയും റോഡ് നിർമ്മാണത്തിന് 1.5 കോടി രൂപയും മതിപ്പ് വില നിശ്ചയിച്ചിട്ടുണ്ട്. 9 പേരുടെ സ്ഥലമാണ് ആകെ ഏറ്റെടുക്കുവാനുള്ളത്. ഇതിൽ ഒരാൾക്ക് നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 4 പേർക്കുള്ള നഷ്ടപരിഹാരതുക കൂടി നൽകുവാൻ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ